പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3536

14.03.2017 - ൽ മറുപടിയ്ക്ക്

## കിഴുവിലം പഞ്ചായത്തിനുകീഴിലുള്ള സാംസ്കാരിക നിലയത്തിലെ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ തടയാൻ നടപടി

| ചോദ്യം<br>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) ചിറയിൻകീഴ് താലൂക്കിലെ കിഴുവിലം പഞ്ചായത്തിലെ 1-ാം വാർഡിൽ നിലവിൽ അടഞ്ഞു കിടക്കുന്ന സാംസ്കാരിക നിലയത്തിന്റെ മുകളിലത്തെ നിലയിൽ പ്രവർത്തിക്കുന്ന ജിംനേഷ്യത്തിന്റെ മറവിൽ രാത്രികാലങ്ങളിൽ നടക്കുന്ന ബഹളങ്ങളും മദ്യപാനവും മയക്കമരുന്ന് ഉപയോഗം ഉൾപ്പെടെയുള്ള സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളുംമൂലം നാട്ടുകാർക്കും അയൽവാസികൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഇത്തരം സാമൂഹിക വിരുദ്ധർ കെ.എസ്.ഇ.ബി. മീറ്റർ ഉൾപ്പെടെയുള്ള സാധനങ്ങൾ അടിച്ചു തകർത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) പ്രസ്തുത ജിംനേഷ്യം നിർത്തലാക്കുകയോ മാറ്റി സ്ഥാപിക്കുകയോ ചെയ്യുമോ; ഇത്തരം പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; | (എ), (ബി) & (സി) | ഇക്കാര്യം സംബന്ധിച്ച് ചിറയിൻകീഴ് പോലീസ് സ്റ്റേഷനിൽ ഫോൺ മുഖേന വിവരം ലഭിച്ചതിനെത്തുടർന്ന് പോലീസ് പ്രസ്തുത സ്ഥലത്ത് പരിശോധന നടത്തിയിട്ടുള്ളതും ഇത്തരത്തിലുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതുമാകുന്നു. പ്രസ്തുത സ്ഥലം കേന്ദ്രീകരിച്ച് ശക്തമായ പോലീസ് പട്രോളിംഗും പോലീസ് നിരീക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

ക.